# Deepika

## 14 August 2018

## Kochi, After Flood, Periyar Residents



# വെള്ളം ഇറങ്ങിത്തുടങ്ങി; പെരിയാർ തീരത്തു ദുരിതത്തിനു ശമനം

**നഷ്ടങ്ങളുടെ കണക്കെടുപ്പ് തുടങ്ങി**

**കൊച്ചി:** ഇടമലയാർ, ഇടുക്കി ഡാമുകൾ തുറന്നതിനെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ പെരിയാർ നിവാസികൾ അനുഭവിച്ചുവന്ന ദുരിതങ്ങൾക്കു ശമനമാകുന്നു. വിവിധ പ്രദേശങ്ങളിൽനിന്നു വെള്ളം ഇറങ്ങിത്തുടങ്ങിയതോടെ കൂടുതൽ പേർ ക്യാമ്പുകൾവിട്ട് സ്വന്തം വീടുകളിലേക്കു മടങ്ങി. മഴ മാറിനിൽക്കുകയും ഡാമുകളിൽനിന്നു തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുകയും ചെയ്താൽ രണ്ടു ദിവസത്തിനകം മുഴുവൻപേർക്കും ക്യാമ്പുകളിൽനിന്നു മടങ്ങാനായേക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

അതിനിടെ, വെള്ളപ്പൊക്കംമൂലം ജില്ലയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ശേഖരിച്ചു തുടങ്ങി. ഇന്നലെയാണ് ഇതിനുള്ള നടപടികൾ ആരംഭിച്ചത്. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ചുള്ള കണക്കെടുപ്പ് പൂർത്തിയാകാൻ ദിവസങ്ങൾ വേണ്ടിവന്നേക്കുമെന്ന് അധികൃതർ പറഞ്ഞു.

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളായ മുഴുവൻ സ്ഥലങ്ങളിൽനിന്നും വെള്ളം ഇറങ്ങിയതിനുശേഷം മാത്രമേ നാശനഷ്ടങ്ങളുടെ അവസാനഘട്ട കണക്കെടുപ്പ് പൂർത്തിയാക്കാൻ സാധിക്കൂ. റവന്യൂഉദ്യോഗസ്ഥരിൽ പലർക്കും കഴിഞ്ഞ ദിവസങ്ങളിൽ ക്യാമ്പുകളുടെയും മറ്റു ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും ചുമതലയുണ്ടായിരുന്നതിനാലാണു കണക്കെടുപ്പ് ആരംഭിക്കാൻ വൈകിയത്. കാലവർഷസമയത്ത് മുമ്പൊരിക്കലും സംഭവിക്കാത്തത്ര കെടുതികളാണ് കഴിഞ്ഞ ഏതാനും ദിവസങ്ങളായി ജില്ലയിൽ സംഭവിച്ചിരിക്കുന്നതെന്ന് അധികൃതർ പറഞ്ഞു. പെരിയാർ തീരങ്ങളിലെ നിരവധി വീടുകൾക്കു കേടുപാടുകൾ സംഭവിച്ചതിനു പുറമേ ഏക്കർകണക്കിനു പ്രദേശത്തെ കൃഷിയും നശിച്ചിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ തരത്തിലുമുള്ള നാശനഷ്ടങ്ങളുടെ കണക്കാണ് അധികൃതർ ശേഖരിക്കുന്നത്.

നല്ലൊരു വിഭാഗം ആളുകളും ദുരിതാശ്വാസ ക്യാമ്പുകൾ വിട്ടു. കരുമാലൂർ പ്രദേശത്ത് പൂർണമായും വെള്ളം ഇറങ്ങിയതിനാൽ കരുമാലൂർ വില്ലേജിലെ ക്യാമ്പുകളിൽനിന്നു മുഴുവൻപേരും ഇന്നലെ ഉച്ചയോടെ വീടുകളിലേക്കു മടങ്ങി. അതേസമയം പറവൂരിൽ പുത്തൻവേലിക്കര, എളന്തിക്കര ഭാഗത്തുള്ള ക്യാമ്പുകളിൽനിന്നു കഴിഞ്ഞ ദിവസം പകൽ വീടുകളിലേക്കു മടങ്ങിയ ചിലർ വൈകിട്ടോടെ ക്യാമ്പുകളിൽ മടങ്ങിയെത്തിയിരുന്നു. വീടുകൾ വാസയോഗ്യമല്ലാത്തതിനാലാണു ഇവർ തിരികെ ക്യാമ്പുകളിലേക്കു മടങ്ങിയെത്തിയത്. മഴക്കെടുതിക്കുശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നതിനാൽ ഇന്നുതന്നെ മുഴുവൻപേർക്കും പ്രദേശങ്ങളിലെ ക്യാമ്പുകളിൽനിന്നു വീടുകളിലേക്കു മടങ്ങാനായേക്കും.

വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ചെളി അടിഞ്ഞുകൂടിയ വീടുകളിൽ ശുചീകരമാണ് വലിയ വെല്ലുവിളി. ഇഴ ജന്തുക്കളുടെ ശല്യമാണു കൂടുതൽ. കിണറുകൾ ഉൾപ്പെടെ ക്ലോറിനേറ്റ് ചെയ്തു കുടിവെള്ള യോഗ്യമാക്കുന്ന പ്രവർത്തികളും ദ്രുതഗതിയിൽ നടത്തിവരികയാണ്. ചില പ്രദേശങ്ങളിൽ ഇപ്പോഴും നില നിൽക്കുന്ന ശുദ്ധ ജല ക്ഷാമം ഉടൻ പരിഹാരിക്കാൻ സാധിച്ചേക്കുമെന്നാണു അധികൃതരുടെ പ്രതീക്ഷ.

ഇടമലയാറിന്റെ വൃഷ്ടി പ്രദേശത്ത് ഇന്നലെ ഇടവിട്ട് മഴ പെയ്തതിനാൽ ഡാമിന്റെ നാലു ഷട്ടറുകളും ഉയർത്തിതന്നെ നിലനിർത്തിയിരിക്കുകയാണ്. ഒരു മീറ്റർ വീതമാണു ഷട്ടറുകൾ ഉയർത്തിയിട്ടുള്ളത്. ഇതിലൂടെ സെക്കൻഡിൽ നാലു ലക്ഷം ലിറ്റർ വെള്ളം പെരിയാറിലേക്ക് ഒഴുകിയെത്തുന്നുണ്ട്. നിലവിൽ 168.72 മീറ്ററാണു സംഭരണിയിലെ ജലനിരപ്പ്. ആലുവ മണപ്പുറത്തുനിന്ന് വെള്ളമിറങ്ങിയെങ്കിലും പ്രദേശത്ത് ചെളിക്കെട്ട് തുടരുകയാണ്. കീഴ്മാട് പഞ്ചായത്ത് പരിധിയിൽ ഇന്നലെ വൈകിട്ടോടെ ചെറിയ രീതിയിൽ വെള്ളം കയറിയതൊഴിച്ചാൽ ആലുവ താലൂക്കിൽ മറ്റ് കെടുതികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.